"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) - കലൂർ-കടവന്ത്ര റോഡ് BC Overlay ചെയ്യുന്നതിനായി 2.5 കോടി രൂപയുടെ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.644/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

---

പരാമർശം:- 1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 23.12.2024 തീയതിയിലെ കത്ത്

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ മേൽനോട്ടത്തിലുള്ള കലൂർ കടവന്ത്ര റോഡിൽ (കെ.കെ റോഡ്) കുഴികൾ രൂപപ്പെട്ട് വാഹനങ്ങൾ വീണ് അപകടങ്ങൾ സംഭവിക്കുന്നതായി പരാതികൾ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ കെ.കെ റോഡിൽ അടിയന്തരമായി നവീകരണ പ്രവർത്തികൾ നടത്തേണ്ടതുണ്ടെന്നും ടി റോഡ് BC Overlay ചെയ്യുന്നതിന് ഏകദേശം 2.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടെന്നും ആയതിന് സർക്കാർ അനുമതി നൽകണമെന്നും അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ ജിസിഡിഎ ബജറ്റിൽ കെ.കെ റോഡ് നവീകരണ പ്രവർത്തി സംബന്ധിച്ച വിഷയം ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി പ്രവർത്തി 2024-25 ലെ പുതുക്കിയ ബജറ്റിൽ ഉൾക്കൊള്ളിക്കണം എന്ന വ്യവസ്ഥയോടെ ജിസിഡിഎ ഫണ്ടിൽ നിന്നും 2.5 കോടി രൂപ ചെലവഴിച്ച് കലൂർ കടവന്ത്ര റോഡിൽ (കെ.കെ റോഡ്) BC Overlay ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA3/8/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 10-03-2025 11:10:15